ഭരണഭാഷ-മാതൃഭാഷ

നമ്പർ :**ED2/10935/15/DTE**

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

തീയതി : **15-02-2025**

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനകാര്യം (ഡി) - ഫുൾ ടൈം ഗാർഡനർ / സിക്ക് റൂം അറ്റൻറർ തസ്തിക മാറ്റ നിയമനത്തിന് - താത്പര്യ പത്രം സമർപ്പിക്കുന്നത് -സംബന്ധിച്ച്.

സൂചന:- **1.**ഈ കാര്യാലയത്തിൽ നിന്നുള്ള **16.04.2021** തീയതിയിലെ ഇതേ നമ്പർ സർക്കുലർ പ്രകാരമുള്ള സീനിയോറിറ്റി പട്ടിക.

**2. 30-11-2023** തീയതിയിലെ ജി.ഒ(പി) നം.**17/2023**/പി&എആർഡി നംബർ സർക്കാർ ഉത്തരവ്.

**2.**

ഫുൾ ടൈം ഗാർഡനർ / സിക്ക് റൂം അറ്റൻറർ തസ്തികയിൽ ചുവടെ പ്രകാരം നിലവിൽ വന്നിട്ടുള്ള ഒഴിവുകളിലേക്ക് തസ്തികമാറ്റ നിയമനം മുഖേന നിയമനം നേടാൻ ആഗ്രഹിക്കുന്ന സൂചന സർക്കുലറിൽ ഉൾപ്പെട്ട ഫുൾ ടൈം സ്വീപ്പർ/ ഫുൾ ടൈം സാനിറ്റേഷൻ വർക്കർ വാട്ടർമാൻ/ വാട്ടർവുമൺ തുടങ്ങിയ **23000-50200/-** ശമ്പള നിരക്കിലുള്ള ക്ലാസ്സ് **IV** വിഭാഗം ജീവനക്കാർ **22.02.2025** തീയതി വൈകിട്ട് **5.00** മണിക്ക് മുൻപായി ചുവടെയുള്ള മാതൃകയിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

<u>ഫുൾ ടൈം ഗാർഡനർ / സിക്ക് റൂം അറ്റൻറർ തസ്തികയിലെ നിലവിലെ ഒഴിവ് വിവരം</u>

| ക്രമ നം. | സ്ഥാപനം | ഒഴിവ് |
|---|---|---|
| **1.** | സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ, തൃശ്ശൂർ | ഗാർഡനർ **3** |
| **2.** | സർക്കാർ എഞ്ചിനീയറിംഗ് കോളേജ് , കണ്ണൂർ | ഗാർഡനർ **1** |
| **3.** | സർക്കാർ പോളിടെക്നിക് കോളേജ്, കണ്ണൂർ | ഗാർഡനർ **1**<br>സിക്ക് റൂം അറ്റൻറർ **1** |
| **4.** | സർക്കാർ പൊളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ | ഗാർഡനർ **1**<br>സിക്ക് റൂം അറ്റൻറർ **1** |
| **5.** | എ. കെ. എൻ. എം. സർക്കാർ പൊളിടെക്നിക് | ഗാർഡനർ **1** |

| | | |
|---|---|---|
| | കോളേജ്, തിരൂരങ്ങാടി | |
| 6. | സർക്കാർ എഞ്ചിനീയറിംഗ് കോളേജ് , ഇടുക്കി | ഗാർഡനർ 1 |

<u>പ്രോഫോർമ</u>

| ക്രമ നം. | സൂചന സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, പെൻ നമ്പർ | തസ്തികമാറ്റ നിയമനം നേടുന്നതിന് സമ്മതമാണോ |
|---|---|---|---|
| | | | |

<u>നിബന്ധനകൾ</u>

1. മേൽപ്പറഞ്ഞ ജീവനക്കാർ നിലവിലെ തസ്തികകളിൽ നിരീക്ഷണ കാലം പൂർത്തീകരിച്ചവർ ആയിരിക്കണം.
2. ഫുൾ ടൈം ഗാർഡനർ / സിക്ക് റൂം അറ്റൻറർ തസ്തിക മാറ്റ നിയമനം സംസ്ഥാന തല നിയമനമായതിനാൽ വകുപ്പിന് കീഴിൽ, സംസ്ഥാനത്തിനുള്ളിൽ ഏത് സ്ഥാപനത്തിലും ജോലി ചെയ്യുവാൻ സന്നദ്ധത ഉള്ളവർ ആയിരിക്കണം. ഒരു പ്രത്യേക ജില്ലയോ പ്രത്യേക സ്ഥാപനമോ സ്ഥാനക്കയറ്റ നിയമനത്തിനായി തെരഞ്ഞെടുക്കുവാൻ അനുവദിക്കുന്നതല്ല.
3. ഫുൾ ടൈം ഗാർഡനർ / സിക്ക് റൂം അറ്റൻറർ തസ്തിക മാറ്റ നിയമനത്തിന് താൽപ്പര്യമുള്ള ജീവനക്കാരുടെ സമ്മതപത്രം പ്രൊഫോർമയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
4. നിശ്ചിത സമയ പരിധിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
5. ഫുൾ ടൈം ഗാർഡനർ / സിക്ക് റൂം അറ്റൻറർ തസ്തിക മാറ്റ നിയമനത്തിന് നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരും, ഇതുവരെയും നിയമനം ലഭിക്കാത്തവരും നിയമനം പരിത്യജിച്ചിട്ടുള്ളവരും ഈ സർക്കുലർ പ്രകാരം വീണ്ടും അപേക്ഷിക്കേണ്ടതാണ്.
6. സ്ഥാപന മേധാവികൾ ഈ സർക്കുലർ ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽ കൊണ്ട് വരേണ്ടതാണ് .
7. **സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം ലഭിച്ചു കഴിയുന്നവർക്ക് തസ്തികമാറ്റ പരിത്യെജിക്കുവാൻ സാധിക്കുന്നതല്ല.**

Signed by
Shalij P R
Date: 15-02-2025 16:13:45

**SHALIJ P R**

**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും, ബന്ധപ്പെട്ട ജീവനക്കാർക്കും വെബ്സൈറ്റ് മുഖാന്തിരം.